കുടിശ്ശിക അടയ്ക്കുന്നതിന് 31-10-2014-ലെ ഒറ്റത്തവണ തീർപ്പാക്കൽ ഉത്തരവു പ്രകാരം 5 വർഷത്തിനു മേൽ കുടിശ്ശികയുള്ളതിന് പലിശ നിരക്ക് 24%/18% ത്തിൽ നിന്നും 6% ആയും 2 വർഷത്തിനു മുകളിൽ 5 വർഷത്തിനു താഴെ 18% ത്തിൽ നിന്നും 8% ആയും കുറവ് ചെയ്തിട്ടുണ്ട്. ഇതിന് 31-3-2015 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഡി) 31-3-2011-ലെ കണക്കനുസരിച്ച് 1191.01 കോടി രൂപയാണ്.

(ഇ) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. കണക്കെടുപ്പ് പൂർത്തിയായ വൈദ്യുതി ബോർഡിന്റെ 1-4-2013 മുതൽ 31-10-2013 വരെയുള്ള താത്കാലിക കണക്കു പ്രകാരം പ്രതിമാസ വരവ് 737.78 കോടി രൂപയും പ്രതിമാസ ചെലവ് 838.80 കോടി രൂപയുമാണ്.

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

5 (351) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകുകയും മസ്ദൂർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്.

കെ.എസ്.ഇ.ബിയുടെ ഊർജ്ജ സംരക്ഷണ പ്രചരണം

6 (352) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly